


Date:29/06/2025 to 05/07/2025 HMYS HSS Kottuvallikkad e-mail:hmyshss25056@gmail.com Volume: 5

# അറിവിന്റെ വെളിച്ചവുമായി സാഹിത്യ ക്വിസ്




വായന പക്ഷാചരണത്തിന്റെ ഭാഗമായി പറവൂർ ലൈബ്രറി കൗൺസിലും വടക്കേക്കര - ചിറ്റാറ്റുകര ഗ്രന്ഥശാല നേതൃസമിതിയുടെയും ആഭിമുഖ്യത്തിൽ കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച സാഹിത്യ ക്വിസ് മത്സരം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാന്തിനി ഗോപൻ ഉദ്ഘാടനം ചെയ്യുന്നു.

02/07/25

കൊട്ടുവള്ളിക്കാട് : പറവൂർ ലൈബ്രറി കൗൺസിലിന്റെയും വടക്കേക്കര - ചിറ്റാറ്റുകര ഗ്രന്ഥശാല നേതൃ സമിതി യുടെയും ആഭിമുഖ്യത്തിൽ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ നേതാക്കളായ പി എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 മുതൽ ഐ വി ദാസിന്റെ ജന്മദിനമായ ജൂലൈ 7 വരെ നടത്തുന്ന വായന പക്ഷാചരണത്തിന്റെ ഭാഗമായി കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർ സെക്കന്ററി സ്കൂളിൽ യുപി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായിസാഹിത്യ ക്വിസ് മത്സരം സംഘടിപ്പിച്ചു. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടും ജില്ല ലൈബ്രറി കൗൺസിൽ അംഗവുമായ ശ്രീമതി ശാന്തിനി ഗോപൻ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ എംകെ ദേവദാസൻ മാസ്റ്റർ അധ്യക്ഷത വഹിച്ച യോഗത്തിൽ നേതൃസമിതി കൺവീനർ ടി ഡി രാജപ്പൻ സ്വാഗതം ആശംസിച്ചു. ഹെഡ്മിസ്ട്രസ് ഇ എൻ ബിന്ദു ടീച്ചർ, ഭാരവാഹികളായ ബെന്നി ജോസഫ്, ദേവാനന്ദ് എം എസ് തുടങ്ങിയവർ പങ്കെടുത്തു.

ചിറ്റാറ്റുകര വടക്കേക്കര പഞ്ചായത്തുകളുടെ പരിധി യിൽ വരുന്ന വിവിധ സ്കൂളുകളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. യുപി വിഭാഗ ത്തിലും ഹൈസ്കൂൾ വിഭാഗത്തിലും എച്ച് എം വൈ എസ് ഹയർ സെക്കന്ററി സ്കൂൾ ഒന്നാം സ്ഥാനവും ക്യാഷ് അവാർഡും കരസ്ഥമാക്കി.




സാഹിത്യ ക്വിസ്- യു പി വിഭാഗം ഒന്നാം സ്ഥാനം കരസ്ഥമാക്കിയ എച്ച് എം വൈ എസ് ഹയർ സെക്കന്ററി സ്കൂൾ ടീം - കണ്മണി ഷിബു (5 B ), ഹരികൃഷ്ണൻ കെ എസ് (5 B) നിഥുന ബിജോയ് (7 D)




സാഹിത്യ ക്വിസ്- ഹൈസ്കൂൾ വിഭാഗം ഒന്നാം സ്ഥാനം കരസ്ഥമാക്കിയ എച്ച് എം വൈ എസ് ഹയർ സെക്കന്ററി സ്കൂൾ ടീം ദേവനന്ദ C G (9 B), നിവേദ്യ ബിജോയ് (9 D), അലിസിയോ ആന്റണി (9B)



പേ വിഷബാധയ്ക്കെതിരെ വിളിച്ചുകൂട്ടിയ പ്രത്യേക അസംബ്ലിയിൽ മൂത്തകുന്നം പി എച്ച് സി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശാലു കൃഷ്ണ കുട്ടികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

## പേ വിഷബാധ

മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന ഒരു ജന്തുജന്യരോഗമാണ് പേവിഷബാധ അഥവാ റാബീസ്. റാബീസ് എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം "ഭ്രാന്ത് " എന്നാണ്. പേവിഷബാധ ഉണ്ടാക്കുന്നത് ഒരു ആർ.എൻ.എ വൈറസ്സാണ്. ഉഷ്ണ രക്തമുള്ള എല്ലാ ജീവജാലങ്ങളേയും പേവിഷം ബാധിക്കും. വൈറസ് ബാധ തലച്ചോറിന്റെ ആവരണത്തിനു വീക്കമുണ്ടാക്കി മരണം സംഭവിക്കുന്ന എൻസെഫാലൈറ്റിസ് (encephalitis) എന്ന രോഗാവസ്ഥ ഉണ്ടാക്കുന്നു. പട്ടികളിലും പൂച്ചകളിലും ഈ രോഗം കൂടുതലായി കണ്ടുവരുന്നു. രോഗംബാധിച്ച മൃഗങ്ങളുടെ ഉമിനീരിൽ കണ്ടേക്കാവുന്ന വൈറസുകൾ, മൃഗങ്ങളുടെ കടികൊണ്ടോ മാന്തു കൊണ്ടോ ഉണ്ടായ മുറിവിലൂടെ രോഗം പകരുന്നു.

കടിയേറ്റ ശരീരഭാഗം ഒഴുകുന്ന വെള്ളവും സോപ്പും ഉപയോഗിച്ച് 15 മിനിട്ടെങ്കിലും കഴുകിക്കൊണ്ടിരിക്കണം. വൈറസ്സിനെ നശിപ്പിക്കാവുന്ന മരുന്നുകളും ഉപയോഗി ക്കാവുന്നതാണ്.അതിനുശേഷംതുണിയോ പഞ്ഞിയോ കൊണ്ടു തുടയ്ക്കണം. പിന്നീട് അണുനാശിനികൊണ്ടും തുടക്കണം. എത്രയും വേഗം വൈദ്യസേവനവും തേടണം.മൃഗങ്ങളിൽ നിന്ന് പേ വിഷബാധ യേൽക്കുന്നവരിൽ 40 ശതമാനവും 15 വയസ്സിനു താഴെയുള്ള കുട്ടികളാണ്. 99% പേവിഷബാധകളും ഉണ്ടാകുന്നത് നായ്ക്കളിലൂടെ ആണ്. കടിയേറ്റ ശരീര ഭാഗം ഒഴുകുന്ന വെള്ളവും സോപ്പും ഉപയോഗിച്ച് 15 മിനിട്ടെങ്കിലും കഴുകി ക്കൊണ്ടിരിക്കുകയും വൃത്തിയാക്കികുത്തി വെപ്പ്എടുക്കുകയും ചെയ്താൽ പേവിഷബാധ യിൽ നിന്നും മരണത്തിൽ നിന്നും രക്ഷപ്പെടാം.

# ശ്രദ്ധയാകർഷിച്ച് ഫ്ലാഷ് മോബ്



എച്ച് എം വൈ എസ് ഹയർ സെക്കൻഡറി സ്കൂളിൽ കുട്ടികളുടെ മുന്നിൽ ഫ്ലാഷ് മോബ് അവതരിപ്പിക്കുന്നു.



SNM GLPS കൊട്ടുവള്ളിക്കാട് സ്കൂളിൽ SPC കേഡറ്റ്സ് ഫ്ലാഷ് മോബ് അവതരിപ്പിക്കുന്നു.

## ലഹരിക്കെതിരെ ബോധവൽക്കരണ ഫ്ലാഷ്മോബുമായി കൊട്ടുവള്ളിക്കാട് HMYS HSS ലെ SPC കേഡറ്റുകൾ

ലഹരി വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി കൊട്ടുവള്ളിക്കാട് HMYS HSS എസ് പി സി കേഡറ്റുകൾ ഫ്ലാഷ് മോബ് നടത്തി. ലഹരി ഉപയോഗിച്ചാലുള്ള ദൂഷ്യവശങ്ങൾ വിവരിക്കുന്ന ഫ്ലാഷ് മോബ് കുട്ടികൾക്കിടയിലേക്ക് ലഹരി വിരുദ്ധ സന്ദേശം എളുപ്പത്തിൽ എത്തിക്കുന്ന ഒന്നായിരുന്നു.

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടത്തിൽ എച്ച് എം വൈ എസ് ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾക്ക് മുന്നിലുംഎസ് എൻ എം ജി എൽ പി എസ് കൊട്ടുവള്ളിക്കാട്സ്കൂളിലെ കുട്ടികൾക്കും മുന്നിലുമാണ് എസ്പിസി കേഡറ്റുകൾ ഫ്ലാഷ് മോബ് അവതരിപ്പിച്ചത്. എസ്പിസി ചാർജുള്ള അധ്യാപകരായ കെപിമനോജ്, അമലു തിലകൻ, അധ്യാപകരായ സൗമ്യ വർഗീസ്, സരിത കെ പി, ശാരിമോൾ സി എസ് എന്നിവരുടെ നേതൃത്വത്തിലാണ്ഫ്ലാഷ് മോബ് അവ തരിപ്പിച്ചത്.

പങ്കെടുത്തവർ:

പാർവതി രാജേഷ്, സ്നേഹ ടി എസ്, മബിമിത്ര സി എം, കൃഷ്ണനന്ദ കെ എസ്, അലൈന ഷാബു, നിവേദ്യ ബിജോയ്, ലക്ഷ്മി ബിജു, പവിത്ര കെ ജെ, ഹരിപ്രിയ, ശിവതീർത്ഥ എൻഎസ് , ആദിദേവ് സി എസ്,ആന്റണിജോസഫ്, റയാൻ പോൾ, കൃഷ്ണജിത്ത് വി രാജേഷ് , ആരോമൽ പി എസ്, കൃഷ്ണദേവ് സി എസ്, ആദിത്യൻ ടി ആർ, ഗോകുൽ.



കേരളത്തിനുവേണ്ടി സൗത്ത് സോൺ ദേശീയ മത്സരത്തിൽ വെള്ളിമെഡൽ കരസ്ഥമാക്കിയ കേരള വോളിബോൾ ടീം അംഗങ്ങളെ (കേരള ടീം ക്യാപ്റ്റൻ അക്ഷയ് എം, ശിവാനന്ദ്സജി, ആഷർ റോഷൻ, അനന്ദ് ) പ്രത്യേകം അനുമോദിച്ചു.



**NMMS സ്കോളർഷിപ്പ് കരസ്ഥമാക്കിയ ദേവനന്ദ സി ജി , എവ് ലിൻ മരിയ മരിയ എന്നിവരെ സ്കൂൾ അസംബ്ലിയിൽ പ്രത്യേകം അനുമോദിച്ചു.**



അബാക്കസ്- സംസ്ഥാനതല ജേതാക്കൾക്ക് സ്കൂൾ അസംബ്ലിയിൽ ഉപഹാരങ്ങൾ നൽകി അനുമോദിച്ചു.



# ലഹരിപ്രതിരോധത്തിന് ഊന്നൽ നൽകി അക്കാദമിക് കലണ്ടർ

**വിദ്യാർഥികളുടെ പല്ലുപരിശോധനയടക്കം വിവിധ പരിപാടികൾ**

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● വിദ്യാർഥികളിലെ ലഹരി ഉപയോഗം കണ്ടെത്താനും തടയാനും പല്ലുപരിശോധന ഉൾപ്പെടെ പരിപാടികൾ. ലഹരിക്കെതിരായ പ്രതിരോധവും ബോധവൽക്കരണവും ലക്ഷ്യമിട്ടാണ് പൊതുവിദ്യാലയങ്ങളിൽ ദന്തപരിശോധനയും സഹവാസ ക്യാംപും മത്സരങ്ങളും ഉൾപ്പെടെ സംഘടിപ്പിക്കുന്നത്.

ഓരോ മാസത്തെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ അക്കാദമിക് കലണ്ടറിൽ ഉൾപ്പെടുത്തി. സെപ്റ്റംബർ 15ന് ലഹരിവിരുദ്ധ പാർലമെന്റ്. ഒക്ടോബർ 1ന് ദന്ത പരിശോധനാ ക്യാംപ്. നവംബർ 14ന് ചലച്ചിത്രോത്സവം. നവംബർ 14 മുതൽ 20 വരെ ജീവിതനൈപുണ്യ പരിശീലന പരിപാടി. ഡിസംബർ 20 മുതൽ 27 വരെ ലഹരിവിരുദ്ധ സഹവാസ ക്യാംപ് സംഘടിപ്പിക്കും.

അധ്യാപകസംഘടനകളുടെ യോഗത്തിൽ മന്ത്രി വി.ശിവൻകുട്ടി അക്കാദമിക് കലണ്ടർ പ്രകാശനം ചെയ്തു. അക്കാദമിക വർഷം തുടങ്ങി ഒരു മാസം വൈകിയാണ് കലണ്ടർ പുറത്തിറക്കിയത്.

**അക്കാദമിക് കലണ്ടർ: പ്രധാന ദിനങ്ങൾ**

(എസ്എസ്എൽസി പരീക്ഷാ തീയതി പ്രഖ്യാപിച്ചിട്ടില്ല)

- ഒന്നാം പാദവാർഷിക പരീക്ഷ: ഓഗസ്റ്റ് 20- 27
- ഓണാവധി: ഓഗസ്റ്റ് 30 - സെപ്റ്റംബർ 7
- രണ്ടാം പാദവാർഷിക പരീക്ഷ: ഡിസംബർ 11 - 18
- ക്രിസ്മസ് അവധി: ഡിസംബർ 20 - 28
- വാർഷികപ്പരീക്ഷ (1 മുതൽ 9 വരെ ക്ലാസുകൾക്ക് ): 2026 മാർച്ച് ആദ്യ വാരം
- ഹയർ സെക്കൻഡറി പരീക്ഷകൾ: മാർച്ച് 2 - 30
- മധ്യവേനൽ അവധിക്കു സ്കൂൾ അടയ്ക്കുന്നത്: മാർച്ച് 31

# സംസ്ഥാന സ്കൂൾ കലോത്സവം തൃശൂരിൽ ജനുവരി 3 മുതൽ

**കായികമേള ഒക്ടോബർ 22 മുതൽ 27 വരെ**

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● സംസ്ഥാന സ്കൂൾ കലോത്സവം 2026 ജനുവരി 3 മുതൽ 7 വരെ തൃശൂരിൽ നടക്കും. കായികമേള തിരുവനന്തപുരത്തു നടക്കുമെന്നു നേരത്തേ പ്രഖ്യാപിച്ചിരുന്നു. ഒളിംപിക്സ് മാതൃകയിൽ അത്‌ലറ്റിക്സ് - ഗെയിംസ് മത്സരങ്ങൾ ഒരുമിച്ചു നടത്തുന്ന മേള ഒക്ടോബർ 22 മുതൽ 27 വരെയാണ്. മന്ത്രി വി. ശിവൻകുട്ടിയുടെ നേതൃത്വത്തിൽ നടന്ന അധ്യാപക സംഘടനകളുടെ യോഗത്തിലാണ് സ്കൂൾ മേളകളുടെ വേദികൾ തീരുമാനിച്ചത്.


മറ്റു സ്കൂൾ മേളകളും വേദിയും:


- ശാസ്ത്രോത്സവം: നവംബർ 7 മുതൽ 10 വരെ - പാലക്കാട്
- ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സ്പെഷൽ സ്കൂൾ കലോത്സവം: നവംബർ 27 മുതൽ 30 വരെ - മലപ്പുറം.
- അധ്യാപന വിദ്യാർഥികൾക്കുള്ള ടിടിഐ - പിപിടിടിഐ കലോത്സവം: സെപ്റ്റംബർ 2, 3- വയനാട്
- സംസ്ഥാന അധ്യാപക അവാർഡ് - സ്കൂൾ പെർഫോമൻസ് അവാർഡ് വിതരണം - തിരുവനന്തപുരം.
- ദിശ ഹയർ സ്റ്റഡീസ് എക്സ്പോ ആൻഡ് ഇന്റർനാഷനൽ കരിയർ കോൺക്ലേവ്- കോട്ടയം.

# ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ 9 മുതൽ വിക്ടേഴ്സിൽ

തിരുവനന്തപുരം ● മാറിയ പാഠപുസ്തകത്തിനനുസരിച്ച് 1 മുതൽ 10 വരെ ക്ലാസുകൾക്കുള്ള ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ 9 മുതൽ കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം ചെയ്യുമെന്ന് മന്ത്രി വി.ശിവൻകുട്ടി.

കുട്ടികൾക്കുള്ള അധിക പിന്തുണ എന്ന തരത്തിലാണ് ക്ലാസുകൾ തയാറാക്കിയിട്ടുള്ളത്.




വിദ്യാർഥികൾ സ്കൂളിൽ പോകുന്ന സമയത്തും തിരികെ വീട്ടിലേക്കും പോകുമ്പോഴും റോഡിലൂടെ പോകുന്ന വാഹനങ്ങൾക്ക് കൈ കാണിച്ച് ലിഫ്റ്റ് ചോദിക്കുന്നത് പതിവ് കാഴ്ചയാണ്. വാഹനം ഓടിക്കുന്ന വ്യക്തിയുടെ സ്വഭാവം, പശ്ചാത്തലം എന്നിവ അറിയാത്ത സാഹചര്യത്തിൽ ലിഫ്റ്റ് വാങ്ങിയുള്ള യാത്ര അപകടത്തിൽ കലാശിക്കാനുള്ള സാധ്യത ഏറെയാണ്. അമിതവേഗത്തിൽ വാഹനം ഓടിക്കുന്നവർ, അശ്രദ്ധമായി വാഹനം ഉപയോഗിക്കുന്നവർ, മദ്യപിച്ച് വാഹനം ഓടിക്കുന്നവർ, മയക്കുമരുന്ന് ഉപയോഗിക്കുന്നവർ,മയക്കുമരുന്ന് കടത്തുന്നവർ, കുട്ടികളോട് മോശമായി പെരുമാറുന്നവർ, മറ്റു ക്രിമിനൽ പശ്ചാത്തലം ഉള്ളവർ എന്നിങ്ങനെലിഫ്റ്റ് ചോദിച്ച് പോകുമ്പോൾ വിദ്യാർത്ഥികൾനേരിടേണ്ടി വരുന്ന വിപത്തുകൾ ഏറെയാണ്. ആയതിനാൽ അപരിചിതർ അവരുടെ വാഹനത്തിൽ ലിഫ്റ്റ് നൽകിയാലും വിദ്യാർത്ഥികൾ കയറരുത് എന്ന് എം വി ഡി അറിയിച്ചു. വിദ്യാർത്ഥികൾ പരമാവധി പൊതു ഗതാഗത സംവിധാനങ്ങളും സ്കൂൾ ബസുകളും ഉപയോഗിക്കണമെന്നും എം വി ഡി അറിയിച്ചു.

# അറിയിപ്പുകൾ

**Vocabulary Word: Paradox**

Meaning: A contradiction that makes sense. Sentence: It's a Paradox how silence can be louder than words.

**ഈ അധ്യയന വർഷത്തെ അധിക പ്രവൃത്തി ദിനങ്ങൾ, പരീക്ഷകൾ, അവധികൾ**

### പരീക്ഷ

**ഒന്നാം പാദ വാർഷിക പരീക്ഷ: 2025 ഓഗസ്റ്റ് 20-27**

**രണ്ടാം പാദ വാർഷിക പരീക്ഷ: 2025 ഡിസംബർ 11-18**

**പ്ലസ് ടു പ്രാക്ടിക്കൽ പരീക്ഷ: 2026 ജനുവരി 22**

**പ്ലസ് വൺ/പ്ലസ് ടു മോഡൽ പരീക്ഷ: 2026 ഫെബ്രുവരി 16-23**

**വാർഷിക പരീക്ഷ: 2026 മാർച്ച് 2-30**

### അവധി

**ഓണാവധിക്ക് സ്കൂൾ അടയ്ക്കുന്ന ദിവസം: ഓഗസ്റ്റ് 29**

**ഓണാവധി കഴിഞ്ഞു സ്കൂൾ തുറക്കുന്ന ദിവസം: സെപ്റ്റംബർ 8**

**ക്രിസ്തുമസ് അവധിക്ക് സ്കൂൾ അടയ്ക്കുന്ന ദിവസം: ഡിസംബർ 19**

**ക്രിസ്തുമസ് അവധി കഴിഞ്ഞു സ്കൂൾ തുറക്കുന്ന ദിവസം: ഡിസംബർ 29**

**മധ്യവേനൽ അവധിക്ക് സ്കൂൾ അടയ്ക്കുന്ന തിയതി: മാർച്ച് 31**

### മേള

**സംസ്ഥാന സ്കൂൾ കായികമേള(തിരുവനന്തപുരം): 2025 ഒക്ടോബർ 22-27**

**സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം(പാലക്കാട്): 2025 നവംബർ 7-10**

**സ്പെഷ്യൽ സ്കൂൾ കലോത്സവം(മലപ്പുറം): 2025 നവംബർ 27-30**

**സംസ്ഥാന സ്കൂൾ കലോത്സവം(തൃശ്ശൂർ): 2026 ജനുവരി 3-7**

### അധിക പ്രവൃത്തി ദിനം

**ജൂലൈ 26 (യു.പി /ഹൈസ്കൂൾ)**

**ഓഗസ്റ്റ് 16 (ഹൈസ്കൂൾ)**

**ഒക്ടോബർ 4 (ഹൈസ്കൂൾ)**

**ഒക്ടോബർ 25(യു.പി /ഹൈസ്കൂൾ)**

**ജനുവരി 3 (ഹൈസ്കൂൾ)**

**ജനുവരി 31 (ഹൈസ്കൂൾ)**

- തിങ്കളാഴ്ച മുതൽ കുട്ടികൾ നിർബന്ധമായും ID card ഉൾപ്പെടെ ഫുൾ യൂണിഫോമിൽ സ്കൂളിൽ എത്തേണ്ടതാണ്.

ലിറ്റിൽ കൈറ്റ്സ്



വോളിബോൾ പ്രാക്ടീസ്



1st year SPC - Briefing







## കുട്ടികൾ ദിവസവും മലയാള ദിനപത്രം വായിക്കണം.



തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകളിൽ എല്ലാദിവസവും കുട്ടികൾ മലയാള ദിനപത്രം വായിക്കണമെന്ന് സർക്കാർ നിർദ്ദേശം. വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പാക്കാനുള്ള അക്കാദമിക് മാസ്റ്റർ പ്ലാനിലാണ്പത്രവായന പ്രോത്സാഹിപ്പിക്കാൻ ആവശ്യപ്പെടുന്നത്. പത്രം വായിക്കുകയും വാർത്തകൾ സംബന്ധിച്ച് പ്രതികരണങ്ങൾ ചർച്ച ചെയ്യുകയും വേണം.ഉച്ചാരണ ശുദ്ധിയോടെ പത്രം വായിക്കുമെന്ന് ഉറപ്പാക്കണം ആഴ്ചയിൽ ഒരു പുസ്തകം എങ്കിലും ലൈബ്രറിയിൽ നിന്ന് എടുത്ത് വായിക്കുകയും അതേക്കുറിച്ച് ചർച്ച നടത്തുകയും പുസ്തകത്തെ കുറിച്ച് കുട്ടികൾ കുറിപ്പുകൾ തയ്യാറാക്കണം.

## ബഷീർ ദിനം സംഘടിപ്പിച്ചു








കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ വായന മാസാചരണവുമായി ബന്ധപ്പെട്ട് ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനമായ ജൂലൈ -5 ബഷീർ ദിനമായി ആചരിക്കുന്നതുമായി ബന്ധപ്പെട്ട് കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർ സെക്കൻഡറി സ്കൂളിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ബഷീർ ദിന ക്വിസ് മത്സരം , പുസ്തക പ്രദർശനം, ബഷീർ അനുസ്മരണം എന്നിവ നടത്തി.








# വായന വാരാചരണം

**പോസ്റ്റർ ഡിസൈനിങ് മത്സരം (യു പി വിഭാഗം) വിജയികൾ** | **വായന മത്സര വിജയികൾ (യു പി വിഭാഗം)**

| | | | |
|---|---|---|---|
|  1st അനുനന്ദ മിനോഷ് (7 B) |  2nd അനന്തു കെ എസ് (7 C) |  1st അനുഗ്രഹ പി എച്ച് (6B) |  2nd അൽജോ ആൻറണി ജോബി (7D) |

## കഥാരചന മത്സരവിജയികൾ(UP) | കവിതാരചന മത്സരവിജയി(UP)

| | | | |
|---|---|---|---|
|  1st തേജസ്വിനി എം എസ് (6B) |  2nd അമേയ എൻ എസ് (7 C) |  1st ആൻ റിവ റോസ് (7 B ) |   |

# ബഷീർ അനുസ്മരണ ക്വിസ് മത്സര വിജയികൾ

| | |
|---|---|
|   യുപി വിഭാഗം<br>തേജസ്വിനി എം എസ് (6B) |   യുപി വിഭാഗം 2nd നിഥുന ബിജോയ്(7 B) |